LIBRARY ARCHIVES Kerala Legislative Assembly

മാവേലിക്കര മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

284 (7255) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തഴക്കര വഴുവാടി പാലം നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭ്യമാക്കുമോ ; ഭരണാനുമതി ലഭ്യമാക്കുന്നതിൽ സാങ്കേതികമായുള്ള തടസ്സം വ്യക്തമാക്കുമോ ; നിലവിലെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കുമോ ; ഭൂമി പൂർണ്ണമായി ഏറ്റെടുത്തിട്ടുണ്ടോ ; ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) മാവേലിക്കര കണ്ടിയൂർ ബൈപാസ് നിർമ്മാണം അടിയന്തരമായി ആരംഭിക്കുമോ ; നിലവിലെ ഇതിന്റെ സ്ഥിതി വ്യക്തമാക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) മാവേലിക്കര ബുദ്ധജംഗ്ഷൻ-കല്ലുമല-കറ്റാനം റോഡ് ബി.എം.& ബി.സി. നിലവാരത്തിൽ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) മാവേലിക്കര എരുമക്കുഴി-ഇടപ്പോൺ റോഡ് ബി.എം.&ബി.സി. നിലവാരത്തിൽ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; ഇതിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) തഴക്കര വഴുവാടി പാലം നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എസ്റ്റിമേറ്റ്, ഡൽഹി എസ്.ആർ.ഒ. പ്രകാരം ആറ്റിപ്പുഴ ഡിവിഷൻ ഓഫീസിൽ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. എസ്റ്റിമേറ്റ് ലഭിച്ചതിനുശേഷം മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) മാവേലിക്കര കണ്ടിയൂർ ബൈപ്പാസ് ആദ്യ ഭാഗത്തിന് രണ്ട് കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. രണ്ട് പ്രാവശ്യം ടെണ്ടർ വിളിച്ചെങ്കിലും പ്രവൃത്തി ആരും ഏറ്റെടുത്തിട്ടില്ല. കോട്ടേഷൻ മുഖേന പ്രവൃത്തി നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി&ഡി) നടപടി സ്വീകരിക്കുന്നതാണ്. വിശദമായ എസ്റ്റിമേറ്റ് ആറ്റിപ്പുഴ ഡിവിഷനിൽ തയ്യാറാക്കിവരികയാണ്.

റോഡുകളിൽ കാൽനടയാത്രക്കാരുടെ സുരക്ഷ

285 (7256) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡുകളിൽ കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് എന്തൊക്കെയാണ് നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;